(ബി) നിലവിലുള്ള ഐ.ടി.ഐ.കളെ നവീകരിച്ച് സിംഗപ്പൂർ മാതൃകയിലുള്ള പരിശീലനം നൽകുകയും അപ്രകാരം മാനവവിഭവശേഷി വർദ്ധിപ്പിച്ച് ആഗോള തലത്തിൽ തൊഴിൽ സാധ്യതയും തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന പ്രസ്തുത പദ്ധതി നടത്തിപ്പിനായി അനുയോജ്യമായ പങ്കാളിയെ കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചു.

(ഡി) ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന, സാദ്ധ്യത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം

203 (3639) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ ഭവനം ഫൗണ്ടേഷൻ കേരള എന്ന കമ്പനി കുറഞ്ഞവരുമാനക്കാരായ ജീവനക്കാർക്ക്/തൊഴിലാളികൾക്ക് മിതമായനിരക്കിൽ ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്നതിനായി ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ (പി.പി.പി.) കുറഞ്ഞ വരുമാനക്കാരായ ജീവനക്കാർക്ക്/തൊഴിലാളികൾക്ക് ഫ്ലാറ്റ് മിതമായനിരക്കിൽ നിർമ്മിച്ചു നൽകുക എന്നതാണ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീമിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) 700 മുതൽ 750 സ്ക്വയർ ഫീറ്റ് ഏരിയയിൽ രണ്ട് ബെഡ്റൂം ഉള്ള ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. 15 ലക്ഷം മുതൽ 17 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഫ്ലാറ്റ് 15 വർഷം കൊണ്ട് 7.5% പലിശ നിരക്കിൽ തുല്യ തവണ കളായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലാണ് നിർമ്മിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നത്. ആകെ ചെലവിന്റെ 20% ഗുണഭോക്താവും 40% ഭവനം ഫൗണ്ടേഷൻ വഴിയും 40% ഹൗസിംഗ് ഫിനാൻസ് ബാങ്ക് വഴിയും നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഫ്ലാറ്റിന് അനുബന്ധമായി മഴവെള്ള സംഭരണം, കാർ പാർക്കിംഗ് സൗകര്യം, പൊതുവായ ഹാൾ, കളിസ്ഥലം, സെക്യൂരിറ്റി ക്യാബിൻ എന്നിവ കൂടി നിർമ്മിച്ചുനൽകുന്നതിന് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

(ഡി) ജനനി പദ്ധതിയുടെ കീഴിൽ താഴെപറയുന്ന മൂന്ന് പ്രോജക്ടുകൾ ഇപ്പോൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1. പോഞ്ഞാശ്ശേരി പദ്ധതി, എറണാകുളം ജില്ല
2. അടിമാലി പദ്ധതി, ഇടുക്കി ജില്ല
3. ആക്കുളം പദ്ധതി, തിരുവനന്തപുരം ജില്ല

ഇതിൽ ആദ്യത്തെ രണ്ട് പദ്ധതികളും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ വ്യക്തികളിൽനിന്ന് സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള പണം ഭവനം ഫൗണ്ടേഷൻ കേരള ബാങ്ക് വഴി നൽകും. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായിട്ടുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റികൾ (DLPC) ഈ പദ്ധതിക്കുള്ള ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ഈ പദ്ധതികൾ സ്ഥലം വാങ്ങുന്നതിനുള്ള നടപടി കൾക്കായി ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ പരിഗണനയിലാണ്. മൂന്നാമതായി പ്രഖ്യാപിച്ച ആക്കുളം പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിലെ ആക്കുളം എന്ന സ്ഥലത്ത് 2 ഏക്കർ സ്ഥലം നൽകാമെന്ന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സമ്മതിച്ചിട്ടുണ്ട്. ഈ സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly